സുപ്രഭാതം

18 September 2017

# മണ്ണില്ലാതെയും ജൈവകൃഷി; നടീൽ മിശ്രിതവുമായി കൃഷി വിജ്ഞാന കേന്ദ്രം

കൊച്ചി: നഗരപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് മണ്ണില്ലാതെ കൃഷി ചെയ്യാനുള്ള മാർഗവുമായി കൃഷിവിജ്ഞാന കേന്ദ്രം. ജൈവകൃഷിയിൽ താൽപര്യമുള്ളവർക്ക് കേന്ദ്രത്തിന് കീഴിൽ വികസിപ്പിച്ച മണ്ണില്ലാ നടീൽ മിശ്രിതം ഇനി മുതൽ മണ്ണിന് പകരമായി ഉപയോഗിക്കാം. പൊതുജനങ്ങൾക്കിടയിൽ ഈ മിശ്രിതം പരിചയപ്പെടുത്തുന്നതിനായി നാളെ സി.എം.എഫ്.ആർ.ഐയിൽ വിപണന മേള സംഘടിപ്പിക്കും. രാവിലെ 9.30 മുതൽ വൈകുന്നേരം 5 നും ഇടയിൽ മേളയിൽ നിന്ന് മിശ്രിതം വാങ്ങാം.

പഞ്ചസാര മില്ലുകളിൽ നിന്നും പുറംതള്ളുന്ന പ്രെസ്മഡ് എന്ന ഉപോൽപ്പന്നം കമ്പോസ്റ്റ് ചെയ്താണ് മണ്ണിന് പകരമായി ഉപയോഗിക്കാവുന്ന ഈ മിശ്രിതം വികസിപ്പിച്ചത്. ഒരു പാക്കറ്റിന് 100 രൂപയാണ് വില. ഫോൺ 8281757450.